15

## ദൈവം

# എന്താണ് ദൈവത്തിന്റെ പേര്?

"ദൈവം" എന്നു ചെറിയ അക്ഷരത്തിലാണെങ്കിൽ അർത്ഥം ആരാധനാ വസ്തു എന്നാണ്. വലിയ അക്ഷരത്തിൽ ഉപയോഗിക്കുമ്പോൾ അത് ഏക ദൈവത്തെയാണ് സൂചിപ്പിക്കുന്നത്. മറ്റുള്ളവരെയും ദേവന്മാർ എന്നു വിളിച്ചിട്ടുണ്ട്, "എന്നാൽ ആകാശത്തിലോ ഭൂമിയിലോ ദേവന്മാർ എന്നു പേരുള്ളവർ ഉണ്ടെന്നു വരികിലും പിതാവായ ഏക ദൈവമേ നമുക്കുള്ളു" (1 കൊരിന്ത്യർ 8:5, 6). പുറപ്പാട് 3:15–ൽ സ്വർഗ്ഗീയ പിതാവിന്റെ വ്യക്തിപരമായ പേർ പറയുന്നു: "ദൈവം ആയ [യാഹ്] ... ഇതാകുന്നു എന്നേക്കുമുള്ള എന്റെ നാമം, തലമുറ തലമുറയായ എന്റെ ജ്ഞാപകവുമാകുന്നു." എങ്ങനെ നാലക്ഷരമായ "യാഹ്" (സാങ്കേതികമായി അതിനെ "ടെട്രാഗ്രമെറ്റൽ") അറിയപ്പെടുന്നു. അവയുടെ അർത്ഥം എത്ര വ്യാപ്തമാണ്.

പ്രഖ്യാപനം "യാഹ്വേ," എന്നാണെങ്കിൽ അർത്ഥം "അവൻ ആയിരിക്കുന്നവൻ," എന്നത് ദൈവത്തിന്റെ സൃഷ്ടിപരമായ ശക്തിയെ സൂചിപ്പിക്കുന്നു. അത്തരം ഒരു വ്യക്തി ഉള്ളതുകൊണ്ട് എത്ര നന്ദിയുള്ളവരാകണം! നാം ജീവിക്കുന്നതുകൊണ്ടു സന്തോഷിക്കുന്നു, അവന്റെ സൃഷ്ടിപരമായ ശക്തിയില്ലായിരുന്നെങ്കിൽ നമുക്ക് അതിനു കഴിയുമായിരുന്നില്ല. "പുരാതനനായ ദൈവം നിന്റെ സങ്കേതം, കീഴെ ശാശ്വതഭുജങ്ങൾ ഉണ്ട്" (ആവർത്തനപുസ്തകം 33:27).

ആ നാലക്ഷര പ്രഖ്യാപനം "യാഹ്വേ," എന്നായിരുന്നെങ്കിൽ അർത്ഥം "അവൻ തുടരുന്നവൻ," എന്നാണ്, അതു അവന്റെ അനന്തതയെയും സ്വയ - പര്യാപ്തതയെയും, സ്വാതന്ത്ര്യത്തെയും പ്രഖ്യാപിക്കുന്നു. "എനിക്കു പുറമെ മറ്റൊരു ദൈവമില്ല" (യെശയ്യാവു 44:6); "നീ അനാദിയായും ശാശ്വതമായും ദൈവം ആകുന്നു" (സങ്കീർത്തനങ്ങൾ 90:2). അവൻ എങ്ങനെ ഉണ്ടായി എന്നു വിവരിക്കുവാൻ നമ്മുടെ മനസ്സു ചെറുതാണ് (എബ്രായർ 11:6), പക്ഷെ അവൻ ഉണ്ടായിരുന്നതുകൊണ്ടും, ഉള്ളതുകൊണ്ടും, ഉണ്ടായിരിക്കയും ചെയ്യും എന്നുള്ളതുകൊണ്ടും നാം എത്ര നന്ദിയുള്ളവരാകണം! നമ്മുടെ

പ്രത്യാശ അണഞ്ഞു - പോകാത്ത വ്യക്തിത്വത്തിന്മേലത്രെ. അവൻ തുടർന്നു ജീവിക്കയും നമ്മെ സ്നേഹിക്കയും ചെയ്താൽ, നമുക്കും നിത്യജീവൻ ലഭിക്കും എന്ന പ്രത്യാശയുണ്ട്. "ഞാൻ ജീവിക്കുന്നതു കൊണ്ടു നിങ്ങളും ജീവിക്കും" (യോഹന്നാൻ 14:19).

ബൈബിൾ അനുസരിച്ചു, ദൈവത്തിന്റെ വ്യക്തിപരമായ പേർ പറഞ്ഞത്, മനുഷ്യരിൽ ആദ്യം ഹവ്വ ആയിരുന്നു, അതു കയീൻ ജനിച്ചപ്പോഴായിരുന്നു: "യഹോവയാൽ[യാഹ്]" എനിക്കു ഒരു പുരുഷ പ്രജ ലഭിച്ചു (ഉല്പത്തി 4:1). അവന്റെ പേരക്കുട്ടി ആയിരുന്ന ഏനോശും യഹോവയുടെ നാമം "യാഹ്" ഉച്ചരിച്ചിരുന്നു (ഉൽപത്തി 4:26). അബ്രഹാം, ഇസഹാക്ക്, യാക്കോബ് എന്നിവരും "യാഹ്" എന്നു പറഞ്ഞിരുന്നു. (ഉൽപത്തി 14:22; 15:2; 24:27; 26:28; 27:27; 28:16; 30:24; 31:49), പക്ഷെ അവരാരും അറിഞ്ഞില്ല ആ വലിയ പേർ നാലക്ഷരത്തിൽ നിറുത്തിയത്. "യാഹ്" (പുറപ്പാട് 6:3 നോക്കുക). ടെട്രാമാറ്റൻ എന്നതിന്റെ പ്രാധാന്യം ആദ്യമായി ദൈവം അറിയിച്ച മനുഷ്യൻ മോശെ ആയിരുന്നു: "ഞാൻ ആകുന്നവൻ ഞാൻ ആകുന്നു" അല്ലെങ്കിൽ "ഞാൻ ആകുന്നു എന്നുള്ളവൻ" (പുറപ്പാട് 3:14). തന്റെ സ്വന്ത വിരൽകൊണ്ട് യഹോവ നിയമം കല്ലിൽ എഴുതി കൊടുത്തപ്പോൾ പറഞ്ഞു, "നിന്റെ ദൈവമായ യഹോവയുടെ നാമം വൃഥാ എടുക്കരുത്, എന്റെ നാമം വൃഥാ എടുക്കുന്നവനെ ദൈവം ശിക്ഷിക്കാതെ വിടുകയില്ല" (പുറപ്പാട് 20:7).

ആ "നാമത്തെ" ദുഷിക്കുന്നവനെ (ലേവ്യാപുസ്തകം 24:11, 16) കല്ലെറിഞ്ഞു കൊല്ലേണം. ഇതിൽ നിന്നാണ് "നാമം" മനുഷ്യ ചുണ്ടുകൾക്ക് ഉച്ചരിക്കാൻ പറ്റാത്ത വിശുദ്ധമെന്ന അന്ധവിശ്വാസം ഉടലെടുത്തത്. എങ്ങനെയായാലും, ഉച്ചരിക്കുവാൻ പറ്റാത്ത വിധത്തിലല്ല ദൈവം തന്റെ നാമം നൽകിയിരിക്കുന്നത്; അതു വിശുദ്ധമായി സൂക്ഷിക്കണം എന്നു മാത്രമെ ദൈവം പറഞ്ഞിരുന്നുള്ളു. എന്നിട്ടു പോലും എബ്രായർ എവിടെയെല്ലാം വിശുദ്ധപുസ്തകത്തിൽ "യാഹ്" എന്നു കണ്ടുവോ അവിടെയെല്ലാം അതിനു പകരം അവർ "കർത്താവ്" എന്നാക്കി. തൽഫലമായി, ശരിയായ ഉച്ചാരണം, മനുഷ്യരുടെ അറിവിൽ നിന്നു നീങ്ങിപ്പോയി. ദൈവം എങ്ങനെയാണ് അന്നു ആ നാലക്ഷരം മോശെയോടു പറഞ്ഞത് എന്നു ഇന്നു വരെ ആർക്കും അറിയില്ല.

ദൈവത്തിനു പ്രസാദമായതു, പിതാവ് യേശുവിനെ ലോകത്തിലേക്കു അയച്ചപ്പോൾ, "പിതാവിനെ എല്ലാവരും ബഹുമാനിക്കുന്നതു പോലെ പുത്രനെയും ബഹുമാനിക്കേണം," അതിനു പരാജയപ്പെടുന്നവർ പിതാവിനെ ആദരിക്കാതിരിക്കയുമാണ് (യോഹന്നാൻ 5:23). അതിനാൽ, ഇന്നു - പുതിയ നിയമത്തിൻ - കീഴിൽ എല്ലാം ചെയ്യേണ്ടത് "കർത്താവായ യേശുവിന്റെ നാമത്തിലാണ്" (കൊലൊസ്യർ 3:17). "എല്ലാ നാമത്തിലും മേലായ നാമം" ആയ യേശുവിന്റെ നാമം ക്രിസ്തീയ കാലത്തിൽ "യാഹ്" എന്നതിനു പകരം ഉപയോഗിക്കുന്നതാണ് ദൈവത്തിനു പ്രസാദകരം (ഫിലിപ്പിയർ 2:9).

പിതാവിനെ ആദരിക്കാതിരിക്കയാണ് (യോഹന്നാൻ 5:23). തൽഫലമായി, ഇന്നു - പുതിയ നിയമകാലത്തിൽ - എല്ലാം ചെയ്യേണ്ടത് "കർത്താവായ യേശുവിന്റെ നാമത്തിലാണ്" (പ്രവൃത്തികൾ 2:38). പിതാ

വിന്റെ ഇഷ്ടമാണ് ക്രിസ്തീയ കാലത്തിൽ "യാഹ്" എന്നതിനു പകരം യേശുക്രിസ്തുവിന്റെ നാമമാണ് (പ്രവൃത്തികൾ 8:12). "എല്ലാ നാമത്തിലും മേലായ നാമം" ഉപയോഗിക്കുക എന്നത് "ആകാശത്തിൻകീഴിൽ രക്ഷിക്കപ്പെടുവാൻ മറ്റൊരുനാമവുമില്ല" (പ്രവൃത്തികൾ 4:12).

എബ്രായ പണ്ഡിതന്മാർ ദൈവനാമത്തെ ഉച്ചരിക്കുന്ന ആ നാലു അക്ഷരങ്ങൾ ലിപി മാറ്റി "യാഹ്" എഴുതുന്നതിനു മുൻപു അത് "യഹ്" എന്നായിരുന്നു. അനേക വർഷങ്ങളോളം ആ നാമോച്ചാരണം മാറ്റി പകരം "കർത്താവ്" എന്നു ഉപയോഗിച്ചു വന്നു. ആ സമയത്ത്, 1518-ൽ പെട്രസ് ഗലീറ്റിനസ് എന്നയാൾ വാക്കുകളെ സങ്കരജാതിയാക്കുവാനുള്ള ശ്രമം നടത്തി. അയാൾ എബ്രായ വാക്കിൽ നിന്നു വവ്വൽസ് എടുത്ത് "കർത്താവ്" എന്ന വാക്കിനു പകരം "യഹ്" എന്നതിനോടു ചേർത്തു. അങ്ങനെ വവ്വൽസ് ആയ "യ," "ഹോ," "വ" എന്നു ചിതറിയതിന്റെ ഫലമായിട്ടാണ് "യഹോവ" എന്ന വാക്ക് ആദ്യമായി എഴുതിയത്. "യഹോവ" എന്ന വാക്ക് ബൈബിൾപരമല്ല എന്നു പല നല്ലവരായ ആളുകളും കരുതുന്നില്ല. അതു 1518-നു മുൻപു കേട്ടിട്ടില്ലാത്ത സങ്കര വാക്കാണ്.[1]

എരിവേറിയ, ഒരു വിഭാഗമായിരുന്ന "ഇന്റർനാഷണൽ ബൈബിൾ സ്റ്റുഡൻസ്" 1931-ൽ (കൊളംബസിലെ ഓഹിയോവിലെ കൺവെൻഷനിൽ) അവരുടെ പേർ "യഹോവാ സാക്ഷികൾ" എന്നാക്കി മാറ്റി. അവർക്കറിയില്ലായിരുന്നു അവർ എടുത്തിരിക്കുന്നത് ഒരു ബൈബിൾ പരമല്ലാത്ത വാക്കാണെന്ന്, പക്ഷെ അവർ "യഹോവ" എന്ന നാമം എല്ലാ നാമത്തേക്കാളും ഉയർത്തി ആദരിക്കുവാൻ തുടങ്ങി. യേശുവിനേക്കാൾ അവർ യഹോവ എന്ന നാമം ഉയർത്തുവാൻ തുടങ്ങി. "യഹോവ" എന്ന വാക്ക് "യാഹിൽ" നിന്നാണു വന്നതെങ്കിലും, പഴയ നിയമത്തിൽ അതു 6,823 പ്രാവശ്യം കാണുന്നു, പുതിയ നിയമത്തിൽ അതു പോലെ ഒരു പ്രാവശ്യം പോലും ഇല്ല. പുതിയ നിയമ എഴുത്തുകാർ ആരും "യഹോവ" എന്ന വാക്ക് ഉപയോഗിക്കാതിരുന്നതുകൊണ്ട് യഹോവാ സാക്ഷിക്കാർ മുഴുവൻ ബൈബിളും എടുക്കുന്നു. ആ ലജ്ജാകരമായ അവസ്ഥ മാറ്റുവാൻ അവർ തർജ്ജിമ ചെയ്തു അവരുടേതായ ബൈബിൾ ഇറക്കി, പുതിയ നിയമത്തിൽ "യഹോവ" എന്ന വാക്ക് മഞ്ഞ നിറത്തിൽ 237 പ്രാവശ്യം കുത്തിച്ചെലുത്തി.

എല്ലാ മനുഷ്യരും പുതിയ നിയമ കാലയളവിൽ പുത്രനെ ബഹുമാനിക്കണമെന്നു കൽപ്പിച്ചിരിക്കുന്ന ദൈവം അവരുടെ പ്രവൃത്തിയിൽ പ്രസാദിക്കയില്ല. എല്ലാറ്റിലും തന്റെ പുത്രനു മുൻഗണന നൽകും വിധത്തിലാണ്, അവൻ പുതിയ നിയമം എഴുതിച്ചിരിക്കുന്നത് (കൊലൊസ്യർ 1:18). എല്ലാവരും തങ്ങളെ "ക്രിസ്ത്യാനികൾ" എന്നറിയപ്പെടണം എന്നാണ് ആഗ്രഹിക്കുന്നത് (1 പത്രൊസ് 4:16). "ക്രിസ്തു" എന്നുച്ചരിക്കാതെ ഒരാൾക്കു "ക്രിസ്ത്യാനി" എന്നു പറയുവാൻ സാദ്ധ്യമല്ല. എല്ലാവരും ഇന്നു പിതാവിന്നു സ്തോത്രം ചെയ്യേണ്ടത് "യേശുക്രിസ്തുവിന്റെ നാമത്തിലാണ്" (എഫെസ്യർ 5:20).

കുറിപ്പ്

[1]ഏ. ബി. ഡേവിഡ്സണ്, *ദ തിയോളജി ഓഫ് ദ ഓൾഡ് ടെസ്റ്റമെന്റ്* (ന്യൂയോർക്ക്: സ്ക്രബ്നർ, 1926), 47. പീട്രസ് ഗലിറ്റിനസ് ലിയോ X ന്റെ ഏറ്റുപറച്ചിലുകാരൻ ആയിരുന്നു.

© 2009 Truth for Today